**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കൂൺ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലം പരിധിയിൽ കൂൺ കൃഷി പ്രോത്സാഹനത്തിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ? | (എ) | 2025-26 സാമ്പത്തിക വർഷത്തിൽ കൂൺ ഗ്രാമം പദ്ധതി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളായ കിളിമാനൂർ, പഴയകുന്നുമ്മേൽ, നഗരൂർ, കരവാരം, പുളിമാത്ത്, ആറ്റിങ്ങൽ, വക്കം, ഒറ്റൂർ, മണമ്പൂർ, ചെറുന്നിയൂർ എന്നിവിടങ്ങളിലാണ് നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതി പ്രകാരം ചെറുകിട കൂൺ ഉത്പാദന യൂണിറ്റിന് പതിനൊന്നായിരത്തി ഇരുനൂറ്റിയമ്പത് രൂപയും, വൻകിട കൂൺ ഉല്പാദന യൂണിറ്റിന് രണ്ട് ലക്ഷം രൂപയും, കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) രണ്ടുലക്ഷം രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും, പാക്ക്ഹൗസിനു രണ്ടു ലക്ഷംരൂപയും, പ്രിസർവെഷൻ യൂണിറ്റിന് ഒരു ലക്ഷം രൂപയും പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും ഉൾപ്പെടെ ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ